## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ-5913 28/10/2011 - ൽ മറുപടിയ്ക്ക്

### ആർ.ബാലകൃഷ്ണപിള്ളയുമായി ഫോണിൽ ബന്ധപ്പെട്ടവർക്കെതിരെ കേസ്

ചോദ്യം
ശ്രീ.പി.റ്റി.എ.റഹീം

ഉത്തരം
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ). ജയിലിൽ കഴിയുന്ന ആർ.ബാലകൃഷ്ണപിള്ളയുമായി ഫോണിൽ ബന്ധപ്പെട്ടതിന് റിപ്പോർട്ടർ ചാനൽ ലേഖകൻ, സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പേരിൽ കേസ് എടുത്തിട്ടുണ്ടോ; | (എ) റിപ്പോർട്ടർ ചാനൽ ലേഖകനെതിരെ സർക്കാർ കേസ് എടുത്തിട്ടില്ല. സർക്കാർ ചീഫ് വിപ്പ് ബാലകൃഷ്ണപിള്ളയുമായി ടെലഫോണിൽ സംസാരിച്ചതായി തെളിവ് ലഭിച്ചിട്ടില്ല. എന്നാൽ ഒരു സ്വകാര്യ അന്യായത്തിൻമേൽ തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതി റിപ്പോർട്ടർ ചാനൽ ലേഖകനെതിരെ കേസെടുക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി). ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) തടവുകാരനെ ടെലഫോണിൽ ബന്ധപ്പെടുന്നതും തടവുകാരൻ അനധികൃതമായി ടെലഫോണിൽ സംസാരിക്കുന്നതും കുറ്റകരമാണ്. റിപ്പോർട്ടർ ചാനൽ ലേഖകൻ ആദ്യമായിട്ടാണ് ഇത്തരം പ്രവൃത്തി ചെയ്തതെന്ന് ബോധ്യപ്പെട്ടതിനാൽ കേസ് എടുത്തിട്ടില്ല. |
| (സി) പ്രസ്തുത കുറ്റത്തിന് നിയമപരമായി എന്ത് ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത് ? | (സി) കേരള ജയിൽ ചട്ടം 82 (1) (2) (3) പ്രകാരം ശിക്ഷ നല്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ